


അഭിമുഖം

അതിരപ്പിള്ളി സമരത്തെക്കുറിച്ച്
സമരപ്രവർത്തകൻ എസ്.പി. രവി
സംസാരിക്കുന്നു

# ചാലക്കുടി പുഴയെന്ന സത്യം ഞങ്ങളുടെ സമരത്തിന്റെ കരുത്ത്

**അതിരപ്പിള്ളിസമരത്തിന്റെ പ്രസക്തി?**

സൈലന്റ് വാലിയുടെ തുടർച്ചയെന്ന് പറയാവുന്ന സമരം. സൈലന്റ് വാലി സമരത്തിൽ ഇല്ലാതിരുന്ന പലതും ഇതിൽ കൂട്ടിച്ചേർക്കാനായിട്ടുണ്ട്. കേരളീയരുടെ വികാരമായി ഈ സമരത്തെ മാറ്റാൻ കഴിഞ്ഞു. പദ്ധതി പ്രദേശത്തെ ജനവിഭാഗങ്ങളൊന്നായി പദ്ധതിയെ എതിർക്കുന്നു. ഏതാണ്ടെല്ലാ മുഖ്യധാരാ രാഷ്ട്രീയക്കാരെ പോലും പദ്ധതിക്കെതിരായി അണിനിരത്താൻ സമരത്തിന് കഴിഞ്ഞു. ഇത്തരത്തിലൊരു വിശാലമായ ഐക്യമാണ് മുൻകാല സമരങ്ങളിൽ നിന്ന് അതിരപ്പിള്ളിയെ വ്യത്യസ്തമാക്കുന്നത്.

**പഠിച്ച് വിലയിരുത്തിയുള്ള സമരം?**

അത് ഏറെക്കുറെ ശരിയാണ്. പദ്ധതിയുടെ വിവിധ വശങ്ങൾ തലനാരിഴ കീറി പരിശോധിക്കുമ്പോലെ പഠനവിധേയമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഏത് പദ്ധതിക്കും രണ്ടു വശങ്ങളുണ്ടാകും. അതിൽ അനുകൂലിക്കുന്നവർക്ക് അതിന്റേതായ ന്യായവും എതിർക്കുന്നവർക്ക് അവരുടെ ന്യായവും ഉണ്ടാകും. പദ്ധതിക്കനുകൂലമായ ന്യായവാദങ്ങളെ കെ എസ് ഇ ബി യുടെ തന്നെ കണക്കുകളും രേഖകളുംകൊണ്ട് ഖണ്ഡിക്കാനും, പദ്ധതി അപ്രായോഗികവും വൻ നഷ്ടവുമാണെന്ന് സമർഥിക്കാനും ഞങ്ങൾക്ക് കഴിഞ്ഞു. ചാലക്കുടി പുഴയുടെയും പ്രദേശത്തിന്റെ വികാരത്തെയുമൊക്കെ സമരത്തിന് ആവേശമാക്കാൻ കഴിഞ്ഞെങ്കിലും ആഴത്തിലുള്ള ഞങ്ങളുടെ സമഗ്രമായ പഠനമാണ് പ്രതിയോഗികളെ പ്രശ്നത്തിലാക്കിയത്. നമ്മുടെ ചെറിയ വീഴ്ചകൾ പോലും ഏറ്റുപിടിച്ച് നമ്മെ എതിർക്കാൻ നോക്കുന്നവരാണ് എതിർപക്ഷത്തുള്ളത്. അതിനാൽ ഏറെ സുക്ഷ്മമായാണ് ഞങ്ങൾ നീങ്ങിയത്. പഠനത്തിലൂടെ ഞങ്ങൾ മുന്നോട്ട് വച്ച കാര്യങ്ങളെ ഖണ്ഡിക്കാൻ കെ എസ് ഇ ബിക്കോ സർക്കാരിനോ കഴിഞ്ഞിട്ടില്ല. ഇത് സമരക്കാർക്ക് വലിയ ആത്മവിശ്വാസം പകർന്നു.

**എങ്ങിനെ സാധിച്ചു ഈ സമരൈക്യം?**

സമരകാലയളവിന്റെ വിവിധഘട്ടത്തിൽ സ്വാഭാവികമായും രൂപപ്പെട്ടു വന്നതാണ് ഇത്തരമൊരു ഐക്യം. സമരം തുടങ്ങിയത് ഏത് സംഘടന എന്ന അഹന്തയൊന്നുമുണ്ടായിരുന്നില്ല. അതിരപ്പിള്ള പദ്ധതി വേണം എന്ന് പറയാത്ത ആർക്കും കൂടെ വരാമെന്നായിരുന്നു ഞങ്ങളുടെ നയം. ആദ്യകാലത്ത് പദ്ധതിയെ അനുകൂലിച്ചവർ പിന്നീട് വരുമ്പോഴോ ഒന്നും ഞങ്ങൾ അത്തരക്കാരെ വിമർശിച്ചിട്ടില്ല. നിലപാട് മാറിയവർ, മുഖ്യധാരാ രാഷ്ട്രീയക്കാർ, അത് ഏത് മുന്നണിയെന്നോ കക്ഷിയെന്നോ വ്യത്യാസമില്ലാതെ സമരത്തിന്റെ വിശാലമായ രാഷ്ട്രീയം അംഗീകരിക്കുന്ന ഏവരെയും ഉൾക്കൊള്ളാൻ പാകത്തിലുള്ള തുറന്ന ഇടമായിരുന്നു ആക്ഷൻ കൗൺസിൽ. സമരത്തിലേക്ക് വന്ന ഒരു രാഷ്ട്രീയനേതാവുപോലും സമരത്തെ ഹൈജാക്ക് ചെയ്യാൻ ശ്രമിച്ചിട്ടില്ല.

മറ്റൊരു പ്രത്യേകത അതിരപ്പിള്ളി സമരത്തിന് നേതാക്കളാരുമില്ലെന്നതാണ്. ഇവിടെ കൂട്ടായ്മ മാത്രമാണുള്ളത്. നേതാവായി ആരും അറിയപ്പെടുന്നില്ല. അങ്ങിനെ നേതാക്കൾ ഉയർന്നുവരുമ്പോഴുള്ള ഈഗോക്ലാഷ് ഈ സമരത്തിൽ ഒരു ഘട്ടത്തിലുമുണ്ടായിട്ടില്ല. ഇതൊരു ഗുണകരമായ സൂചനായായാണ് വിലയിരുത്തുന്നത്. സത്യത്തെ ഒരുതരത്തിലും കോംപ്രമൈസ് ചെയ്യാതെയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. ചാലക്കുടി പുഴയെന്ന സത്യവും ഞങ്ങളുടെ സമരത്തിന്റെ കരുത്താണ്.

**സമരത്തിന്റെ മറ്റു നേട്ടങ്ങൾ?**

അതിരപ്പിള്ളി സമരം വെറും ഒരു പദ്ധതിക്കെതിരായ സമരമോ വനസംരക്ഷണമോ പുഴസംരക്ഷണമോ മാത്രമായി ഒതുങ്ങുന്നതായിരുന്നില്ല. അത് വികസിക്കുകയായിരുന്നു ഇക്കാലയളവിൽ. നിലവിലുള്ള വ്യവസ്ഥയുടെ പാളിച്ചകളെയാണ് സമരം തുറന്നുകാട്ടിയത്. വൈദ്യുതി പദ്ധതിമാത്രമല്ല, ഏത് പദ്ധതികളും എങ്ങിനെയാണ് ആസൂത്രണം ചെയ്യപ്പെടുന്നത്, അതിന്റെ പിന്നിലെ ചതി എത്രത്തോളമാണ് എന്നതൊക്കെ അതിരപ്പിള്ളി സമരം തുടങ്ങിയപ്പോഴാണ് പലർക്കും മനസ്സിലാകാൻ കഴിഞ്ഞത്. ജനങ്ങളു

ടെ അനുമതി ചോദിച്ചിട്ടല്ല പദ്ധതികളൊന്നും വരുന്നത്. അത് പറ്റില്ല, ജനഹിതം അറിയണം എന്ന് ഞങ്ങൾ ആഗ്രഹിച്ചു. ജനം കാര്യം പഠിക്കുകയും, പദ്ധതിമൂലം സർക്കാർ പറയുന്ന തരത്തിലുള്ള ഗുണങ്ങളല്ല കോട്ടങ്ങളാണ് തങ്ങൾക്ക് തരുന്നതെന്ന് അവർ മനസ്സിലാക്കുകയും ചെയ്തു. ഇതോടെ പദ്ധതി പ്രതിസന്ധിയിലായി. നിലവിലുള്ള വികസനസങ്കൽപ്പം മാറണം എന്ന ചിന്ത അതിരപ്പിള്ളി സമരം മുന്നോട്ടുവച്ചിട്ടുണ്ട്. അങ്ങിനെ ജനാധിപത്യവ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന സമരമായും അതിരപ്പിള്ളി മാറുകയായിരുന്നു.

### വൈദ്യുതി ക്ഷാമം ഇല്ലേ?

അന്യസംസ്ഥാനത്തുനിന്ന് ലോറികളിലും മറ്റും കൊണ്ടുവന്നാണ് നമ്മുടെ ഭക്ഷ്യ ഉപഭോഗം ഭൂരിപക്ഷവും നിറവേറ്റുന്നത് എന്നത് മറച്ചുവെക്കാനാവാത്ത സത്യമാണ്. നമുക്ക് കൃഷി പോയിട്ട് പച്ചക്കറി പോലും അന്യരെ ആശ്രയിക്കണം. ഭക്ഷണമാണല്ലോ മനുഷ്യന്റെ ഒന്നാമത്തെ പരിഗണന നൽകേണ്ട ആവശ്യം. എന്നാൽ നമ്മുടെ കാർഷികസർവ്വകലാശാലയോ സർക്കാരോ കേരളത്തിൽ കടുത്ത ഭക്ഷ്യക്ഷാമമാണെന്ന് എപ്പോഴെങ്കിലും സംസാരിക്കുന്നത് കേട്ടിട്ടുണ്ടോ? ഇത്തരമൊരു ആധി പ്രകടിപ്പിക്കുകയോ ചർച്ച നടത്തുകയോ ചെയ്യാത്ത നമ്മളാണ് വർഷാവർഷം കേരളത്തിലെ വൈദ്യുതക്ഷാമത്തെക്കുറിച്ച് ഭയവിഹ്വലതയോടെ ചർച്ച നടത്തുന്നത്. നിലവിൽ ആവശ്യത്തിന് വൈദ്യുതി ഉണ്ട് എന്നതാണ് സത്യം. പലപ്പോഴും നമ്മൾ വൈദ്യുതി വിൽക്കുന്നുമുണ്ട്. ഇവിടെ അതൊന്നുമല്ല പ്രശ്നം. പുതിയ പദ്ധതികൾ നിരന്തരം വന്നുകൊണ്ടേയിരിക്കണം. അതിനായി ജനസമ്മതിനേടിയെടുക്കാനാണ് ഈ വൈദ്യുതിക്ഷാമമെന്ന മന്ത്രിയുടെയും മറ്റും ഭീതി പരത്തൽ. ധൃതി പിടിച്ച് താപനിലയങ്ങൾ തുടങ്ങിയിട്ട് ഉൽപ്പാദനം നടത്താതെ പല സമയങ്ങളിലും പൂട്ടിയിട്ടപ്പോൾ കെ എസ് ഇ ബിക്കുണ്ടായ നഷ്ടം 400-500 കോടിയാണ്. ഈ പണവും ഈടാക്കിയത് ഉപഭോക്താക്കളിൽനിന്നാണ്. നമുക്ക് എത്ര കറന്റ് വേണമെന്ന് കൃത്യമായി പറയാതെ, ആവശ്യം പെരുപ്പിച്ചുകാട്ടുകയും യഥാർത്ഥകണക്കുതന്നെ മൂടിവെക്കുകയും ചെയ്യുന്നുണ്ട്, പലപ്പോഴും സർക്കാർ.

### അതിരപ്പിള്ളിക്ക് ബദൽ നിർദേശം?

സൈലന്റ്‌വാലികാലത്ത് ചിലരെങ്കിലും പറയുന്നത് കേട്ടിട്ടുണ്ട്. ഇതിനു ബദലായി പൂയംകുട്ടി ആയിക്കോട്ടെ എന്ന്. പൂയം കുട്ടിക്കു പകരം കായംകുളം ആയിക്കോട്ടെ എന്ന് പിന്നീട് ചിലരും പറഞ്ഞു. ഇത്തരത്തിലുള്ള ബദൽ നിർദേശിക്കാൻ ഞങ്ങൾ തയ്യാറല്ല. ഉൽപ്പാദനവിതരണത്തിലെ പാളിച്ച ശാസ്ത്രീയമായി മാറ്റിയാൽ തന്നെ വലിയൊരു തോതിൽ വൈദ്യുതി ലാഭിക്കാൻ കഴിയും. കെ എസ് ഇ ബി ഇപ്പോൾ ഇത്തരത്തിൽ കളവ് കണ്ടെത്തിയും മീറ്റർ നന്നാക്കിയുമൊക്കെ കറന്റ് സെയ്‌വ് ചെയ്യുന്നുണ്ട്. അത് കുറെക്കൂടി ശാസ്ത്രീയമായി മാറ്റണം.

ദീർഘകാലാടിസ്ഥാനത്തിൽ പാരമ്പേതര ഊർജ്ജത്തെ ആശ്രയിക്കാവുന്നതാണ്. ജലവൈദ്യുതിയാണ് ലാഭകരമെന്ന് ഇപ്പോൾ പ്രചരിപ്പിക്കുന്നതിൽ കഴമ്പില്ല. മുമ്പത്തെ അവസ്ഥയല്ല ഇപ്പോഴത്തേത്. കേരളത്തിൽ 44 നദികളിൽ ഹൈഡൽ പ്രൊജക്ട് പണിയാവുന്ന നദികൾ നാലെണ്ണം മാത്രമാണുള്ളത്പെരിയാർ, പമ്പ,ചാലക്കുടി, കുറ്റ്യാടി എന്നിവയാണത്. ഈ നാലിലും നിലവിൽ പദ്ധതികൾ ഉള്ളതുമാണ്. അവിടങ്ങളിലാണ് വീണ്ടും പണിയാൻ പോകുന്നത്. പുതുതായി പണിതാൽ തന്നെ അവിടെ പഴയ ഉൽപ്പാദനക്ഷമത കിട്ടില്ല. അതിനാൽ ഉൽപ്പാദനചിലവ് കൂടുകയും അതിനനുസരിച്ച വൈദ്യുതിയുടെ വില കൂടുകയും ചെയ്യും. അതിരപ്പിള്ളി പദ്ധതിയുടെ കാര്യത്തിൽതന്നെ ഒരു യൂണിറ്റിന്റെ വില 10-12 രൂപയാകും. എന്നിട്ടും 44 നദികളുടെ പേര് പറഞ്ഞ് ജലവൈദ്യുതി പദ്ധതിയുടെ നേട്ടമാണ് അധികാരികൾ പറയുന്നത്.

### അതിരപ്പിള്ളി പദ്ധതി വരുമോ?

ഇപ്പോഴത്തെ കോലാഹലങ്ങളെല്ലാം അവസാനിച്ച് കേന്ദ്രം അനുമതി പിൻവലിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. അഥവാ അങ്ങിനെ ചെയ്തില്ലെങ്കിലും കോടതിയിൽ ഞങ്ങൾ നൽകിയ രണ്ടു കേസുകൾ നിലവിലുണ്ട്. അതിന്റെ വിധി ഇതുവരെ വന്നിട്ടില്ല. 90 ശതമാനവും കോടതിവിധി പദ്ധതിക്കെതിരാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. പദ്ധതിപ്രദേശത്തെ ജനങ്ങളുടെ എതിർപ്പ് മാറ്റാതെ ഇവിടെ ഒരു പണിയും തുടങ്ങാൻ കഴിയില്ലെന്നതാണ് മറ്റൊരു വസ്തുത. അത്രമാത്രം പദ്ധതിയെ പ്രദേശത്തെ ജനം കൈയൊഴിഞ്ഞുകഴിഞ്ഞു.


## അനിശ്ചിതകാല നിരാഹാര സമരം

പുഴകയ്യേറ്റത്തിനും പരിസര മലിനീകരണത്തിനും വയൽനികത്തലിനും അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കും എതിരെ തൊടുപുഴയിൽ ജനകീയ കൂട്ടായ്മ അനിശ്ചതകാല നിരാഹാര സമരം നടത്തുകയാണ്.

**സമരത്തിന്റെ ആവശ്യങ്ങൾ**

- പുഴപുറമ്പോക്കുകൾ അളന്നുതിരിച്ച് മതിൽകെട്ടി സംരക്ഷിക്കുക
- ആധുനിക മാലിന്യസംസ്കരണ സ്ഥാപിച്ച് പാറക്കടവ് നിവാസികളെ രക്ഷിക്കുക
- ആധുനിക പൊതുശ്മശാനം നിർമ്മിക്കുക

ബന്ധങ്ങൾക്ക്: എൻ.യു. ജോൺ/കെ. എസ്. സുബൈർ
9745209945